ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 29-11-2025** **TIME : 07.25 PM**

## പ്രധാന

1. പാർലമെന്റിന്റെ ശീതകാല സമ്മേളനം തിങ്കളാഴ്ച ആരംഭിക്കും; സമ്മേളനത്തിന് മുന്നോടിയായുള്ള സർവകക്ഷി യോഗം നാളെ.
   The winter session of Parliament will begin on Monday; the all-party meeting ahead of the session will be held tomorrow.
2. ശ്രീലങ്കയിൽ കനത്ത നാശം വിതച്ച ദിത്വ ചുഴലിക്കാറ്റ് തമിഴ് നാട് തീരത്തോടടുക്കുന്നു. തമിഴ് നാട്, പുതുച്ചേരി, ആന്ധ്രാ തീരങ്ങളിൽ ജാഗ്രതാ നിർദ്ദേശം.
   Cyclone Ditwaha, which caused heavy damage in Sri Lanka, is approaching the Tamil Nadu coast. Alert issued for the coasts of Tamil Nadu, Puducherry and Andhra.
3. വോട്ടർ പട്ടികയുടെ പ്രത്യേക തീവ്ര പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ ഇതുവരെ 50 കോടി 73 ലക്ഷത്തിലധികം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.
   The Central Election Commission has said that more than 50 crore 73 lakh enumeration forms have been distributed so far in the second phase of the special intensive revision of the voter list.

4. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം; ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളുടെ വിതരണം ആരംഭിച്ചു.
   **Campaigning for local body elections in Kerala is in full swing; distribution of electronic voting machines has begun.**
5. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 മണിക്ക്.
   **Prime Minister Narendra Modi's monthly radio address 'Mann Ki Baat' will be at 11 am tomorrow.**
6. ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ തുടക്കം.
   **The India-South Africa ODI cricket series will begin tomorrow.**

******************************

## NAVY DAY

നാവികസേനാ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഡിസംബർ മൂന്നിന് തിരുവനന്തപുരത്തെത്തും. ശംഖുമുഖം ബീച്ചിൽ നടക്കുന്ന ആഘോഷങ്ങളിൽ നാവികസേനയുടെ പോരാട്ട വീര്യം പ്രദർശിപ്പിക്കുന്ന അഭ്യാസ പ്രകടനങ്ങൾ അരങ്ങേറും. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി പരിപാടിയ്ക്ക് ആതിഥേയത്വം വഹിക്കും. ശംഖുമുഖത്ത് ഇന്നും മറ്റന്നാളുമാണ് പരിപാടിയുടെ ഡ്രസ് റിഹേഴ്സൽ.

******************************

## ALL PARTY MEETING-PARLIAMENT

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ നാളെ സർവകക്ഷി യോഗം വിളിച്ചുചേർക്കും. പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു ഇരുസഭകളിലെയും രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളുമായി കൂടിക്കാഴ്ച നടത്തും. ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളിൽ നിന്നും സർക്കാർ സഹകരണം തേടും. അടുത്ത മാസം ഒന്നു മുതൽ 19 വരെയാണ് പാർലമെന്റിന്റെ ശീതകാല സമ്മേളനം.

*****************************

## SRILANKA (INTRO)

ശ്രീലങ്കയിൽ കനത്ത നാശം വിതച്ച് ദിത്വ ചുഴലിക്കാറ്റ്.
നാല് ലക്ഷത്തോളം പേരെയാണ് ദുരിതം ബാധിച്ചത്.
**വിശദാംശങ്ങളിലേയ്ക്ക്...**
**(വോയ്സ്)**

****************************

## EVE. CHENNAI-CYCLONE DITWAH

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ദിത്വാ ചുഴലിക്കാറ്റ് തമിഴ്നാട് തീരപ്രദേശത്തോട് അടുക്കുന്നു. ചുഴലിക്കാറ്റ് അടുത്ത 24 മണിക്കൂറിനുള്ളിൽ തമിഴ്നാട് തീരത്ത് തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ കേന്ദ്രീകരിക്കുമെന്നാണ് കരുതുന്നത്. ഇതേത്തുടർന്ന് നാഗപട്ടണം, കാരയ്ക്കൽ തുറമുഖങ്ങളിലും, ചെന്നൈ, കടലൂർ, എന്നൂർ, കാട്ടുപ്പള്ളി, പുതുച്ചേരി, പാമ്പൻ, തൂത്തുക്കുടി എന്നിവിടങ്ങളിലും അപകട മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

****************************

## IMD - CYCLONE DITWAH

ദിത്വാ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ വടക്കൻ തമിഴ്നാട്, പുതുച്ചേരി, ആന്ധ്രാപ്രദേശിന്റെ തെക്കൻ തീരങ്ങൾ എന്നിവിടങ്ങളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. തമിഴ്നാട്ടിൽ നാളെ വരെ അതിശക്തമായ മഴയ്ക്കും സാധ്യതയുണ്ട്.

****************************

## PUDUCHERRY - DITWAH CYCLONE

ദിത്വാ ചുഴലിക്കാറ്റിനെ തുടർന്ന് പുതുച്ചേരി, കാരക്കൽ തീരങ്ങളിൽ കടൽക്ഷോഭവും കനത്ത മഴയും തുടരുന്നു. പുതുച്ചേരിയിലെ നല്ലവാടു മത്സ്യബന്ധന ഗ്രാമത്തിൽ, തിരമാലകൾ 10 അടിയിലേറെ ഉയരുകയും തീരം കടലെടുക്കുകയും ചെയ്തു. രക്ഷാപ്രവർത്തനത്തിനായി ആരക്കോണത്ത് നിന്നുള്ള 30 അംഗ എൻഡിആർഎഫ് സംഘം എത്തിയിട്ടുണ്ട്. വിവിധ സ്ഥലങ്ങളിലായി 91 ദുരിതാശ്വാസ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

*****************************

## EC-SIR

വോട്ടർ പട്ടികയുടെ പ്രത്യേക തീവ്ര പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ ഇതുവരെ 50 കോടി 73 ലക്ഷത്തിലധികം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇതുവരെ 40 കോടിയോളം ഫോമുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. കേരളമുൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടം ഈ മാസം നാലിനാണ് ആരംഭിച്ചത്. അടുത്ത വർഷം ഫെബ്രുവരി ഏഴിന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതോടെ വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ അവസാനിക്കും.

*****************************

## KERALA - SIR

കേരളത്തിൽ, വോട്ടർ പട്ടികയുടെ പ്രത്യേക തീവ്ര പരിഷ്കരണം സംബന്ധിച്ച പുരോഗതി വിലയിരുത്തുന്നതിനായി മുഖ്യ തെരഞ്ഞെടുപ്പ് ഓ□ീസർ രത്തൻ യു. കേൽക്കർ പ്രധാന രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായി തിരുവനന്തപുരത്ത് യോഗം ചേർന്നു. വോട്ടർ പട്ടികയിൽ പേരുള്ള എല്ലാവർക്കും എന്യൂമറേഷൻ □ോമുകൾ വിതരണം ചെയ്തതായും പൂരിപ്പിച്ച □ോമുകളിൽ 85 ശതമാനവും ഇതിനകം തിരികെ ലഭിച്ചതായും മുഖ്യ തെരഞ്ഞെടുപ്പ് ഓ□ീസർ അറിയിച്ചു. ഇതുവരെ 71.02 ശതമാനം □ോമുകൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. □ോമുകളിൽ ഒപ്പിട്ട് സമർപ്പിച്ച എല്ലാ വോട്ടർമാരെയും കരട് പട്ടികയിൽ ഉൾപ്പെടുത്തും. 2002 ലെ വോട്ടർ പട്ടികയിൽ ഉൾപ്പെടാത്തവർക്കായി ഇലക്ടറൽ രജിസ്ട്രേഷൻ ഓ□ീസർമാർ പരിശോധനയും ഹിയറിങ്ങും നടത്തുമെന്നും ശ്രീ കേൽക്കർ വ്യക്തമാക്കി.

****************************

## LSG KERALA ELECTION

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം. സമ്മതിദായകരെ നേരിൽ കണ്ട് വോട്ട് അഭ്യർത്ഥിക്കാനുള്ള തിരക്കിലാണ് സ്ഥാനാർത്ഥികൾ. ഡിസംബർ 9, 11 തീയതികളിലാണ് വോട്ടെടുപ്പ്. ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളുടെ വിതരണവും ആരംഭിച്ചിട്ടുണ്ട്.

****************************

## VP-VISIT

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ നാളെ ഹരിയാന സന്ദർശിക്കും. കുരുക്ഷേത്ര നാഷണൽ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 20-ാമത് ബിരുദദാന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയാകും. അന്താരാഷ്ട്ര ഗീതാ മഹോത്സവത്തോടനുബന്ധിച്ച് കുരുക്ഷേത്രയിൽ നടക്കുന്ന അഖില ഭാരതീയ ദേവസ്ഥാനം സമ്മേളനത്തിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

*****************************

## Defence Minister (INTRO)

മുസോറിയിലെ ലാൽ ബഹാദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷനിൽ നടന്ന നൂറാമത് ▯ ൗണ്ടേഷൻ കോഴ്സിന്റെ സമാപന ചടങ്ങിനെ രാജ്യ രക്ഷാമന്ത്രി രാജ്നാഥ് സിംഗ് അഭിസംബോധന ചെയ്തു. ജനങ്ങളോടുള്ള ഉത്തരവാദിത്തമാണ് ഒരു പൊതു സേവകന്റെ പ്രവർത്തനങ്ങളെ മികച്ചത് ആക്കുന്നതെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. നയ രൂപീകരണം, അത് നടപ്പാക്കൽ എന്നിവയിൽ പൊതു ജനങ്ങൾക്കുള്ള ആവശ്യങ്ങൾ, പ്രതീക്ഷകൾ എന്നിവയെ മനസിലാക്കി ജോലി ചെയ്തു മുന്നേറാൻ ഈ മനോഭാവം അവരെ തുണയ്ക്കുമെന്നും അദ്ദേഹം പറഞ്ഞു.

**(വോയിസ് )**

*****************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 മണിക്ക്.

ആകാശവാണിയുടെ എല്ലാ നിലയങ്ങളിലൂടെയും ദൂരദർശനിലും പരിപാടി ലഭ്യമാകും.

****************************

## INDIA-SOUTH AFRICA TEST

ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പര നാളെ ആരംഭിക്കും. മൂന്ന് മത്സരങ്ങളടങ്ങിയ പരമ്പരയിലെ ആദ്യ മത്സരം നാളെ ഉച്ചയ്ക്ക് 1.30ന് റാഞ്ചിയിൽ നടക്കും. ഇന്ത്യക്കെതിരായ ടെസ്റ്റ് പരമ്പര ദക്ഷിണാഫ്രിക്ക സ്വന്തമാക്കിയിരുന്നു.

****************************

## PREZ- BLIND WOMEN T20

കാഴ്ചപരിമിതർക്കായുള്ള പ്രഥമ T-20 ക്രിക്കറ്റ് ലോകകപ്പ് നേടിയ വനിതാ ടീം അംഗങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമുവിനെ സന്ദർശിച്ചു. ടീം അംഗങ്ങൾ ഒപ്പു വച്ച ക്രിക്കറ്റ് ബാറ്റ് രാഷ്ട്രപതിയ്ക്ക് സമ്മാനിച്ചു. വനിതാ ക്രിക്കറ്റ് സംഘത്തെ അഭിനന്ദിച്ച രാഷ്ട്രപതി, അനേകം പേർക്ക് ഈ വിജയം പ്രചോദനമാകുമെന്ന് അഭിപ്രായപ്പെട്ടു.

****************************

## REV. INDIA-SULTAN AZLAN SHAH

മലേഷ്യയിൽ നടക്കുന്ന സുൽത്താൻ അസ്ലൻ ഷാ ഹോക്കി ടൂർണമെന്റിൽ ഇന്ത്യ ഫൈനലിൽ പ്രവേശിച്ചു. കാനഡയെ 14 - 3 നാണു ഇന്ത്യ പരാജയപ്പെടുത്തിയത്. ജുഗ്രാജ് സിങ് നാല് ഗോളുകളും രജീന്ദർ സിംഗ് രണ്ടു ഗോളുകളും ഇന്ത്യക്കായി നേടി.

****************************

## SABARIMALA

ശബരിമലയിൽ കർമനിരതരായി ദേശീയ ദുരന്ത പ്രതികരണ സേന. സന്നിധാനത്ത് 41 പേരും പമ്പയിൽ 40 പേരുമായി ആകെ 81 പേരടങ്ങുന്ന

എൻഡിആർഎഫ് സംഘമാണ് ശബരിമലയിൽ ഉള്ളത്. ദുരന്ത പ്രതിരോധത്തിന്റെ ചുമതലയുള്ള ഈ സംഘം സന്നിധാനം, പമ്പ എന്നിവിടങ്ങളിൽ ശാരീരിക അസ്വാസ്ഥ്യം അനുഭവപ്പെടുന്ന തീർത്ഥാടകരെ ഉടൻ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുന്ന ജീവൻരക്ഷാപ്രവർത്തനമാണ് ചെയ്യുന്നത്.

****************************

## AIRNEWS DUBAI

ഡിസംബർ 2-ന് നടക്കുന്ന 54-ാമത് ഈദ് അൽ ഇത്തിഹാദിനൊരുങ്ങി യു.എ.ഇ. പ്രധാന നഗരങ്ങളിലെ സർക്കാർ കെട്ടിടങ്ങൾ, ഷോപ്പിംഗ് മാളുകൾ, തെരുവുകൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉത്സവ അലങ്കാരങ്ങളും പ്രദർശനങ്ങളും ലൈറ്റ് ഷോകളും ആരംഭിച്ചു. ബ്രിട്ടന്റെ പിന്മാറ്റത്തിന് ശേഷം യു. എ. ഇ. യെ 1971ൽ പരമാധികാര രാഷ്ട്രമായി പ്രഖ്യാപിച്ച ദിവസമാണ് ഡിസംബർ രണ്ട്.

****************************

## ECI- APP

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ ECINet ആപ്പ് ഡൗൺലോഡ് ചെയ്യാനും അത് കൂടുതൽ ഉപയോക്തൃ സൗഹൃദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാനും രാജ്യത്തെ പൗരന്മാരെ ക്ഷണിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ. അടുത്ത മാസം 27 വരെ നിർദ്ദേശങ്ങൾ നൽകാൻ കഴിയും. ECINet പ്ലാറ്റ്ഫോം 2026 ജനുവരിയിൽ ഔദ്യോഗികമായി പുറത്തിറക്കാനാണ് ലക്ഷ്യമിടുന്നത്. മികച്ച വോട്ടർ സേവനങ്ങൾ, പോളിംഗ് ശതമാനം, ട്രെൻഡുകളുടെ

വേഗത്തിലുള്ള ലഭ്യത, വോട്ടെടുപ്പ് അവസാനിച്ച് 72 മണിക്കൂറിനുള്ളിൽ ഇൻഡെക്സ് കാർഡുകളുടെ പ്രസിദ്ധീകരണം എന്നിവ പുതിയ ഡിജിറ്റൽ പ്ലാറ്റ് േ ാമിൽ സാധ്യമാക്കിയിട്ടുണ്ട്.

****************************

## PMML-ACCESS

ലോകമെമ്പാടുമുള്ള ഗവേഷകർക്ക് പ്രധാനമന്ത്രിയുടെ മ്യൂസിയം ആൻഡ് ലൈബ്രറിയുടെ ഡിജിറ്റൽ ആർക്കൈവുകളിൽ നിന്നും വിവര ശേഖരണം സുഗമമാക്കുന്നതിനായി പ്രത്യേക ഐടി പ്ലാറ്റ്േ ാം സജ്ജമാക്കിയാതായി സാംസ്കാരിക മന്ത്രാലയം. വ്യക്തികളെയും സംഘടനകളെയും സംബന്ധിക്കുന്ന 25 ദശലക്ഷത്തിലധികം രേഖകൾ ഉൾക്കൊള്ളുന്ന, ലോകത്തിലെ അപൂർവ പുരാരേഖാ ശേഖരങ്ങളിലൊന്നാണ് ഇത്. ഗവേഷകർക്കും ചരിത്രാന്വേഷകർക്കും ഏറെ പ്രായോജനകരമാണ് പുതിയ സംവിധാനം.

****************************

## KARNATAKA-MEETING

നേതൃത്വത്തെച്ചൊല്ലിയുള്ള തർക്കങ്ങൾക്കിടയിൽ, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയും ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാറും ബംഗളൂരുവിൽ കൂടിക്കാഴ്ച നടത്തി. നിയമസഭാ തിരഞ്ഞെടുപ്പിൽ ഒരുമിച്ചായിരുന്ന തങ്ങൾ തുടർന്നും ഹൈക്കമാൻഡിൻറെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുമെന്ന് തുടർന്ന് നടത്തിയ സംയുക്ത വാർത്താസമ്മേളനത്തിൽ, അദ്ദേഹം പറഞ്ഞു. രണ്ടര വർഷം പൂർത്തിയാക്കിയ ശേഷം മുഖ്യമന്ത്രി സ്ഥാനം മാറ്റുമെന്ന അഭ്യൂഹങ്ങൾക്കിടെയാണ് പ്രതികരണം.

**************************************************************************************************************